# ഹസ്രത്ത് ഉസ്മാൻ: വിമർശനങ്ങളുടെ വസ്തുതയെന്ത്

–അബ്ദുറഹ്മാൻ ആദൃശ്ശേരി

മൂന്നാം ഖലീഫ ഹസ്രത്ത് ഉസ്മാൻ (റ)നെക്കുറിച്ച് പ്രഫ. കെ.പി കലാമുദ്ദീൻ രചിച്ച 'ഖലീഫ ഉസ്മാൻ' എന്ന ഗ്രന്ഥത്തെ പരിചയപ്പെടുത്തി പി.ടി കുഞ്ഞാലി ദ്വൈവാരികയിലെഴുതിയ ലേഖനത്തിൽ വന്ന അപകടകരമായ ചില പ്രവണതകളെ സൂചിപ്പിക്കാനാണ് ഈ കുറിപ്പെഴുതുന്നത്.

പ്രവാചകതിരുമേനിയുടെ അനുചരന്മാരെ ആക്ഷേപിക്കുകയും ചോദ്യം ചെയ്യുകയും ചെയ്യുന്ന പ്രവണത ലോകത്തെങ്ങും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സ്വഹാബത്തിനോട് കടുത്ത വിദ്വേഷം വെച്ചുപുലർത്തുകയും അവർ ഇസ്‌ലാമിൽ നിന്ന വ്യതിചലിച്ചുപോയതായി ആരോപിക്കുകയും ചെയ്യുന്ന ശിയാക്കളും അവരുടെ അനുകർത്താക്കളായ എഴുത്തുകാരും ചിന്തകന്മാരുമാണ് ഇവരുടെ പ്രചോദനം. മറുഭാഗത്ത് ഇതേ ആശയം ഓറിയന്റലിസ്റ്റുകളും പാശ്ചാത്യ എഴുത്തുകാരും ബുദ്ധിജീവീ സമൂഹത്തിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. വസ്തുതയെന്തെന്നറിയാത്ത മുസ്‌ലിം ബഹുജനം ഈ രണ്ടു വിഭാഗത്തിന്റെയും പ്രചാരണങ്ങളിൽ കുടുങ്ങി, ഖുർആനും പ്രവാചകനും വാഴ്ത്തിപ്പറയുകയും ഇസ്‌ലാമിനെ യാതൊരു കോട്ടവും തട്ടാതെ ലോകത്താകതമാനം പ്രചരിപ്പിക്കുകയും ചെയ്ത ഈ വിഭാഗത്തെക്കുറിച്ച് കടുത്ത തെറ്റിദ്ധാരണകളിൽ അകപ്പെടുകയും ചെയ്യുന്നു. സഹാബി സമൂഹത്തെ അധിക്ഷേപിക്കുന്ന ആഹ്വാനങ്ങൾക്ക് ചെവികൊടുക്കുന്ന പ്രവണത അത്യന്തം ആപത്കരമാണ്. ഇസ്‌ലാമിനോട് വിദ്വേഷം വെച്ചുപുലർത്തുന്നവരും തങ്ങളുടെ കാര്യസാധ്യത്തിനായി കെട്ടുകഥകൾ ഉദ്ധരിച്ച് ചരിത്രത്തെ വക്രീകരിക്കുന്നവരുടെ വ്യാജ നിവേദനങ്ങൾ ചരിത്രസത്യങ്ങളാണെന്ന് ധരിക്കുന്നതുകൊണ്ടുമാണ് ഇത്തരം അബദ്ധങ്ങൾ സംഭവിക്കുന്നത്.

പ്രവാചകനിയോഗത്തിന് സാക്ഷികളാവുകയും തിരുമേനിയുടെ ശിക്ഷണത്തിൽ വളരുകയും ഖുർആൻ പല സ്ഥലങ്ങളിലായി പുകഴ്ത്തിപ്പറയുകയും, തലമുറകളിലേക്ക് സത്യദീനിന്റെ സന്ദേശം കൈമാറുകയും ചെയ്തവരാണവർ. അവരുടെ ധവളിമയാർന്ന ജീവിത്തിന്മേൽ കരിനിഴൽ വീഴ്ത്തിയത് ശിയാവിശ്വാസികളായ ചരിത്രകാരന്മാരും നിവേദകന്മാരുമാണ്. കാരണം ഇസ്‌ലാമിക ചരിത്രം ആദ്യമായി ക്രോഡീകരിച്ചത് അവരായിരുന്നുവെന്ന് കാണാം. സ്വഹാബികളുടെ വിഷയത്തിൽ ക്വുർആനിന്റെയും പ്രവാചകന്റെയും ആഹ്വാനങ്ങളും താക്കീതുകളും മുഖവിലക്കെടുക്കാതെ, കപടവിശ്വാസികളുടെ തെളിവുകൾ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് വളരെ കഷ്ടം തന്നെ.

സ്വഹാബികൾക്കെതിരിൽ ശിയാനിവേദകന്മാർ ഉദ്ധരിച്ചതും ചരിത്രഗ്രന്ഥങ്ങളിൽ ഇടംപിടിച്ചതുമായ ആരോപണങ്ങൾ, ചരിത്രഗവേഷകന്മാർ പഠന വിധേ

യമാക്കുകയും ഇസ്‌ലാമിക വീക്ഷണത്തിലുള്ള ചരിത്രനിരൂപണ മാനദണ്ഡങ്ങൾ പ്രകാരം അവയുടെ പൊള്ളത്തരം വെളിവാക്കിയതുമാണ്. എന്നാൽ സമകാലിക മുസ്‌ലിം സമൂഹത്തിന് ഇസ്‌ലാമിക ചരിത്രത്തെ സംബന്ധിച്ച അജ്ഞത മുതലെടുത്ത്, ഇസ്‌ലാം വിരുദ്ധ പാശ്ചാത്യലിബറൽ ചരിത്രകാരന്മാരും അവരുടെ അനുകർത്താക്കളും ഇത്തരം വ്യാജപ്രചരണങ്ങൾ നാൾക്കുനാൾ കൊഴുപ്പിച്ചുകൊണ്ടിരിക്കുകയാണ്. സ്വഹാബികളുടെ ജീവിതവിശുദ്ധിയിലും വിശ്വാസ്യതയിലും സംശയം ജനിപ്പിക്കുന്നതിലൂടെ അവർ കൈമാറ്റം ചെയ്ത ആദർശത്തിന്റെ വിശ്വാസ്യതയെതന്നെ ചോദ്യം ചെയ്യാമെന്ന ഗൂഢലക്ഷ്യമാണ് ഇതിന്റെ പിന്നിലെ ഒളിയജണ്ട. “പ്രവാചകനെ നേരിട്ട് നിഷേധിക്കുന്നത് നടക്കില്ലെന്ന് കണ്ടപ്പോൾ അവർ പ്രവാചകന്റെ അനുചരന്മാരെ അധിക്ഷേപിച്ചു. കാരണം പ്രവാചകൻ ഉത്തമ വ്യക്തിത്വമായിരുന്നുവെങ്കിൽ തന്റെ അനുചരന്മാരും അങ്ങനെ ആയിരിക്കുമല്ലോ എന്ന് ധ്വനിപ്പിക്കാനാണ് ഈ തന്ത്രം പ്രയോഗിച്ചതെന്ന്” ഇമാം മാലിക് പ്രസ്താവിച്ചത് സ്മരണീയമാണ്.

ചരിത്ര വിജ്ഞാനീയങ്ങളിൽ പ്രാവീണ്യമോ നിവേദജനങ്ങളുടെ നെല്ലും പതിരും വേർതിരിച്ചറിയാനുള്ള സാമർഥ്യമോ ഇല്ലാത്ത ചില എഴുത്തുകാരും ചിന്തകന്മാരും അവർ പറയുന്നതെല്ലാം അണ്ണാക്ക് തൊടാതെ വിഴുങ്ങുന്ന വായനക്കാരും, അബദ്ധജഡിലങ്ങളായ ഇത്തരം ചരിത്രനിവേദനങ്ങൾ കേട്ടമാത്രയിൽ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവണത സർവ്വസാധാരണമായിരിക്കുന്നു.

സമകാലിക സംഭവങ്ങളെയും വ്യക്തിത്വങ്ങളെയും കൈകാര്യം ചെയ്യുന്ന ലാഘവത്തോടുകൂടിയാണ് പലരും പ്രവാചകന്റെ സച്ചരിതരായ അനുയായികളെക്കുറിച്ച് അബദ്ധങ്ങൾ ചമക്കുന്നത്. ഭൂമിയിൽ ജീവിച്ച ഇസ്‌ലാമിന്റെയും പ്രവാചകന്റെയും സാക്ഷികളാണവർ എന്ന കാര്യം ഇവർ വിസ്മരിക്കുന്നു. പ്രവാചകന്മാർക്ക് ശേഷം ലോകം ദർശിച്ച മഹത്തുക്കളും വിശ്വാസദൃഢതയിലും സൂക്ഷ്മതയിലും ഭൗതിക വിരക്തിയിലും അവർക്ക് തുല്യരായ ഒരു സമൂഹം ഇനി ഒരിക്കലും ഉദയം കൊള്ളില്ല. എന്നാൽ മറ്റേതൊരു സമൂഹത്തെയും പോല ഭൗതിക പ്രമത്തരും അധികാരമോഹികളുമായി പ്രവാചക അനുചരന്മാരെ കൈകാര്യം ചെയ്യാൻ ധൃഷ്ടരായി എന്നതാണ് ബുദ്ധിജീവീ സമൂഹത്തിന് പിണഞ്ഞ ഭീമാബദ്ധം. മുൻപിൻ നോക്കാതെ ഇത്തരം അബദ്ധങ്ങൾ ഏറ്റുപിടിക്കാനും പ്രചരിപ്പിക്കാനും സാധാരണ ജനങ്ങൾ തയ്യാറായതോടെ സഹാബി നിന്ദകൾ ഉൾക്കൊള്ളുന്ന വ്യാജകഥകൾക്ക് പ്രചാരം ലഭിച്ചു. “അല്ലാഹുവിന്റെ തൃപ്തിയും ഔദാര്യവും പ്രതീക്ഷിച്ചുകൊണ്ടുമാത്രം നാടും വീടും ഉപേക്ഷിക്കേണ്ടിവന്നവരെന്നും അല്ലാഹുവിനെയും ദൂതനെയും സഹായിക്കുന്നവരെന്നും സത്യസാക്ഷികളെന്നുമൊക്കെയാണ് അല്ലാഹു അവരെ പരിചയപ്പെടുത്തുന്നത്. (ഹശ്ർ 8) അല്ലാഹു അവരെയും അവർ അല്ലാഹുവിനെയും തൃപ്തിപ്പെട്ടു(തൗബ 100)വെന്നും അല്ലാഹു അവരുടെ പശ്ചാതാപം സ്വീകരിച്ചുവെന്നും (തൗബ 117) മറ്റൊരിടത്തും പറയുന്നത് കാണാം. എന്റെ സഹാബികളെ കുറ്റം പറയരുതെന്നും എന്റെ സമൂഹത്തിന്റെ കാവൽഭടന്മാരാണവരെന്നും നിങ്ങൾ

ഉഹ്ദ് മലയോളം നന്മ ചെയ്താലും അവരുടെ പുണ്യം നേടാൻ സാധിക്കില്ലെന്നു മൊക്കെയുള്ള ധാരാളം പ്രവാചകവചനങ്ങളും നമുക്ക് കാണാൻ സാധിക്കും. വിശുദ്ധ ഖുർആൻ അവരെ വാഴ്ത്തുക മാത്രമല്ല, തങ്ങൾക്കുമുമ്പെ വിശ്വാസത്തിന്റെ വഴിയിൽ സഞ്ചരിച്ച അവർക്കു വേണ്ടി പ്രാർത്ഥിക്കാനും അവരോട് വിദ്വേഷം വെച്ചുപുലർത്തുന്ന മനോഭാവത്തിൽ നിന്ന് ശരണം തേടാനും ആഹ്വാനം ചെയ്യുന്നത് കാണാം (ഹശ്ർ 10).

സ്വഹാബികൾക്കെതിരിൽ ആക്ഷേപശരങ്ങൾ തൊടുത്തുവിടുന്ന മനോഭാവത്തെ വിശുദ്ധ ഖുർആനിലെ മേൽസൂചിപ്പിക്കപ്പെട്ട സൂക്തങ്ങളുമായി ചേർത്തു വായിക്കേണ്ടതാണ്. അതാണ് “ഒരാൾ സ്വഹാബികളെ ആക്ഷേപിക്കുന്നത് കണ്ടാൽ അയാൾ മതനിഷേധിയാണെന്ന് ഗ്രഹിക്കണമെന്നും കാരണം, നമ്മുടെ സത്യപൂർണ്ണമായ ആദർശം അവരിലൂടെയാണ് നമുക്ക് കൈവന്നത്, അവരെ അധിക്ഷേപിക്കുന്നതിലൂടെ നമ്മുടെ പ്രമാണങ്ങളെയാണ് അധിക്ഷേപിക്കുന്നതെന്നും ഇമാം അബൂസർആ അഭിപ്രായപ്പെട്ടത്.

**ചരിത്രരചനയിലെ അബദ്ധങ്ങൾ**

അമവി കാലഘട്ടത്തിന് ശേഷമാണ് ഇസ്‌ലാമിക ചരിത്രരചന ആരംഭിച്ചത്. തങ്ങളുടെ മുൻഗാമികളെക്കുറിച്ച് നല്ലതൊന്നും കേൾക്കാൻ ഇഷ്ടപ്പെടാതിരുന്നവരായിരുന്നു അന്ന് അധികാരത്തിൽ വാണിരുന്നത്. അന്ന് ചരിത്രരചനയിലേർപ്പെട്ടവരെ മൂന്നായി തിരിക്കാം. അമവികളെ അധിക്ഷേപിച്ചുകൊണ്ട് ചരിത്രരചന നടത്തി ഭരണവർഗത്തിന്റെ പ്രീതി നേടാൻ കൊതിച്ചവരാണ് ഒരു വിഭാഗം, സ്വഹാബികളെ അധിക്ഷേപിച്ചുകൊണ്ട് ചരിത്രമെഴുതിയാലേ ദൈവപ്രീതി ലഭിക്കൂ എന്ന് വിശ്വസിച്ചിരുന്ന ശിയാ വിശ്വാസികളാണ് മറ്റൊരുകൂട്ടർ. മസ്ഊദീ, യഅ്ഖൂബീ എന്നീ ചരിത്രകാരന്മാരും സെയ്ഫ്ബ്നു ഉമർ, നസ്ർബ്നു മുസാഇം, അബൂമിഖ്നഫ്, മുഹമ്മദ്ബ്നു സാഇബ്, ഹിശാമ്ബ്നു മുഹമ്മദ് എന്നീ നിവേദകന്മാരും ഈ ഗണത്തിൽ പെടുന്നവരാണ്. അബൂബക്കർ, ഉമർ, ഉസ്മാൻ, ആഇശ(റ), ഹഫ്സ, അബൂസുഫ്‌യാൻ, മുആവിയ(റ) തുടങ്ങിയ സ്വഹാബികളെയും ബനൂഉമയ്യ ഖലീഫമാരെയും അബ്ദുശംസ് ഗോത്രത്തെയും അധിക്ഷേപിക്കുന്നത് പുണ്യമായിക്കാണുന്നവരാണിവർ. തങ്ങൾക്ക് ലഭിച്ച എല്ലാ നിവേദനങ്ങളും നിവേദകന്മാരുടെ പക്ഷമോ ചായ്‌വോ നോക്കാതെ നെല്ലും പതിരും വേർതിരിക്കാതെ കിട്ടിയപോലെ രേഖപ്പെടുത്തിയവരാണ് മൂന്നാമത്തെ വിഭാഗം. നമ്മുടെ ചരിത്രത്തിന്റെ അസംസ്കൃത പദാർത്ഥമാണ് ഇവരുടെ രചനകളെന്ന് വിശേഷിപ്പിക്കാവുന്നതാണ്. സൂക്ഷ്മനിർധാരണത്തിലൂടെ ചരിത്രനിരൂപണ സങ്കേതങ്ങളുപയോഗിച്ചുകൊണ്ട് ചരിത്രഗവേഷകന്മാർക്ക് ഇതിൽ നിന്നും നമ്മുടെ ശരിയായ ചരിത്രം വേർതിരിച്ചെടുക്കാനാകും. ത്വബരി, ഇബ്നുൽഅസാകിർ, ഇബ്നുൽഅസീർ എന്നീ ചരിത്രകാരകന്മാരുടെ രചനകൾ ഈ ഗണത്തിൽ ഉൾപെടുന്നതാണ്. ഇക്കൂട്ടത്തിൽ പ്രഥമ ചരിത്ര ഗ്രന്ഥമനെന്ന നിലയിൽ ത്വബരിയുടെ ഗ്രന്ഥത്തിന് ചിലർ വലിയ പ്രാധാന്യം കൽപിക്കുന്നുണ്ട്. ത്വബരി ഉദ്ദരിച്ചതെല്ലാം വിശ്വസനിയമാണെന്ന ധാരണ പലർക്കുമുണ്ട് എന്നാൽ തനിക്ക് ലഭിച്ച മുഴുവൻ നിവേദനങ്ങളും ശരിതെറ്റുകൾ നോക്കാതെ തന്റെ ഗ്രന്ഥത്തിൽ

ഉൾപ്പെടുത്തിയതായി ഗ്രന്ഥത്തിന്റെ ആമുഖത്തിൽ ത്വബരി തന്നെ പ്രസ്താവിക്കുന്നത് കാണാം. ത്വബരിയുടെ ചരിത്രഗ്രന്ഥത്തിൽ നേരത്തെ പ്രസ്താവിച്ച ശീഈ ചരിത്രനിവേദകന്മാരുടെ ഉദ്ദരണികൾ വളരെ കൂടുതലാണെന്ന് കാണാം. അവരുടെ മൂവായിരത്തിലധികം ചരിത്രസംഭവങ്ങൾ ത്വബരിയിൽ ഇടംപിടിച്ചതായി ഇതേക്കുറിച്ച് പഠനം നടത്തിയ ഡോ. ഖാലിദ് കബീർ ഇലാൽ നിരീക്ഷിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഗവേഷണം നടത്തിയ ഈജിപ്തിലെ ചരിത്ര ഗവേഷകനായ ഡോ. റാഗിബ് സർജാനി പറയുന്നത്, ത്വബരിയുടെ ചരിത്രഗ്രന്ഥത്തിന്റെ 86 ശതമാനവും മേൽപ്രസ്താവിച്ച ശീഈ നിവേദകന്മാരുടേതാണെന്നാണ്. എന്നാൽ ത്വബരിയുടെ ചരിത്രനിവേദനങ്ങളോ നിവേദകന്മാരെയോ നിരൂപണങ്ങൾക്ക് വിധേയമാക്കാതെ അദ്ദേഹത്തിന്റെ റിപ്പോർട്ടുകൾ അപ്പടി എടുത്തുദ്ധരിച്ചതിലൂടെ പിന്നീട് വന്ന ചരിത്രകാരന്മാർ ഇസ്‌ലാമിക ചരിത്രം തന്നെ വികലമായി അവതരിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. എന്നാൽ അഞ്ചാം നൂറ്റാണ്ടിലെ അബൂബക്കർ ഇബ്നുൽഅറബി, ഇബ്നുഖൽദൂൻ, ഇമാം സഖാവി, മുഹിബ്ബുദ്ദീൻ അൽഖതീബ്, അല്ലാമാ മഹ്മൂദ് ശാക്കിർ, ഡോ. അഹ്മദ് ശലബി, അലി മുഹമ്മദ് സ്വല്ലാബി എന്നിവർ ചരിത്രഗ്രന്ഥങ്ങളിലെ അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ചവരിൽ പ്രമുഖരാണ്. അപ്പോൾ വ്യാജ ചരിത്രവും യഥാർത്ഥവും  വേർതിരിച്ചറിയാൻ എന്താണ് വഴി? മേൽ പ്രസ്ഥാവിച്ച ചരിത്ര ഗ്രന്ഥങ്ങളിൽ സ്വഹാബികളുടെ ഉന്നത വ്യക്തിത്വത്തിന് നിരക്കാത്തതും അവരെ ഇടിച്ച് താഴ്ത്തുന്നതുമായ നിവേദനങ്ങൾ, ശിയാ നിവേദകൻമാരും വ്യാജ പ്രചാരകരും ഉദ്ധരിച്ച നിവേദനങ്ങൾ, പ്രമാണങ്ങൾക്കും യുക്തിക്കും നിരക്കാത്തതും സത്യസന്ധമായ ചരിത്ര സംഭവങ്ങളുമായി ഏറ്റുമുട്ടുന്നതുമെല്ലാം ആ മേഖലയിലെ ഗവേഷകൻമാർക്കു തിരിച്ചറിയാൻ സാധിക്കും, നിവേദകൻമാരുടെ ജീവ ചരിത്രവും പഠന വിധേയമാക്കേണ്ടി വരും. നമ്മുടെ ആധികാരിക ഹദീസ് ഗ്രന്ഥങ്ങളിലെ നിവേദനങ്ങളും പഠനവിധേയമാക്കിയാൽ നമ്മുടെ വസ്തുനിഷ്ഠമായ ചരിത്രം കണ്ടെത്താനാകും. ചരിത്രഗ്രന്ഥങ്ങളെ സംശോധന നടത്തി അവയിലെ നിവേദനങ്ങളെ ഹദീസ് ഗ്രന്ഥങ്ങളുമായി മാറ്റുരച്ച് രചിച്ച ഉജ്ജ്വല നബിചരിത്രരചനയാണ് അല്ലാമാ ശിബിലി നുഅ്മാനിയുടെ ‘സീറത്തുന്നബി’ എന്ന ലോകപ്രശസ്ത ഗ്രന്ഥം. മൂന്നാം ഖലീഫ ഹസ്രത്ത് ഉസ്മാനെക്കുറിച്ച് പ്രഫ കെ.പി കമാലുദ്ദീൻ രചിച്ച ഗ്രന്ഥത്തെ പരിചയപ്പെടുത്തി പി.ടി കുഞ്ഞാലി എഴുതിയ ലേഖനത്തെ മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ വേണം പരിശോധിക്കാൻ. ലേഖനത്തിന്റെ തുടക്കത്തിൽ ഹസ്രത്ത് ഉസ്മാനെ പുകഴ്ത്തുന്ന ലേഖകൻ അവസാന ഭാഗത്ത് അദ്ദേഹത്തിന് നേരെ കടുത്ത വിമർശനങ്ങൾ അഴിച്ചുവിടുന്നത് കാണാം. ‘മതപരിഷ്കർത്താക്കൾ’, ‘ഖിലാഫത്തും രാജ്വാഴ്ചയും’ എന്നീ ഗ്രന്ഥങ്ങളിൽ മൗലാനാ മൗദൂദിയും ‘ഇസ്‌ലാമിലെ സാമൂഹ്യനീതി’ ‘വ്യക്തികളും ഗ്രന്ഥങ്ങളും’ എന്നീ രചനകളിൽ സയ്യിദ് ഖുതുബും ഇതുപോലുള്ള അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. അവരുടെ രചനകളിൽ ആകൃഷ്ടരായ അനുയായികൾ വസ്തുതകൾ പഠിക്കാൻ ശ്രമിക്കാതെ ഇന്നും അവയെല്ലാം പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം അബദ്ധ ചരിത്ര

ങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കുന്ന രചനകളൊന്നും ഇതുവരെ മലയാളത്തിൽ വെളിച്ചം കണ്ടിട്ടില്ല എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ശിയാ ചിന്തകളുടെ തുടക്കക്കാരനായ ഇബ്നുസബഅ് ഖലീഫക്കെതിരിൽ ആസൂത്രണം ചെയ്ത കലാപവും അതിന്റെ ദൗർഭാഗ്യകരമായ പരിണിതിയും ഖലീഫയുടെ പേരിൽ ചാർത്തി അദ്ദേഹത്തെ ആക്ഷേപിക്കാനാണ് ലേഖകൻ മുതിരുന്നത്. ജൂതന്മാർ ചരിത്രത്തിലുടനീളം നടത്തിയ വഞ്ചനകളെക്കുറിച്ചും ചതി പ്രയോഗങ്ങളെക്കുറിച്ചുമുള്ള അജ്ഞതയോ അല്ലങ്കിൽ കടുത്ത ഉമവി വിരോധമോ ആയിരിക്കണം ഇതിനുപിന്നിൽ, മുസ്ലിമായി ചമഞ്ഞ് ദുർബല വിശ്വാസികളെ തെറ്റിധരിപ്പിക്കുകയും ഖലീഫയുടെയും ആയിശ(റ) പോലുള്ള പ്രമുഖരുടെയും പേരിൽ വ്യാജപ്രചരണങ്ങൾ നടത്തുക തുടങ്ങി ഹീനമായ പല ചെയ്തികളും അവർ ഖലീഫക്കെതിരിൽ നടത്തുകയുണ്ടായി. സ്വാഭാവികമായും ചില ദുർബല  വിശ്വാസികളും പുതുവിശ്വാസികളും അനറബികളും പ്രാകൃതരായ അറബികളും ഈ ദുഷ്പ്രചരണത്തിൽ കുടുങ്ങുകയും ഖലീഫക്കെതിരിൽ രംഗത്ത് വരികയും ചെയ്തു.

ലേഖകൻ വാദിക്കുന്നതുപോലെ പ്രവാചകൻ സംസ്കരിച്ച ഒരു തലമുറയുടെ സാന്നിദ്ധ്യത്തിൽ തന്നെ താൻ സ്ഥാപിച്ച നീതിനിർഭയ രാഷ്ട്രത്തിന്റെ നായകൻ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട് ശത്രുക്കളാൽ ക്രൂരമായി കൊല്ലപ്പെട്ട് രാത്രിയുടെ ഇരുളിൽ എവിടെയോ ഖലീഫയുടെ ജഡം മറമാടിയതൊന്നുമല്ല. പ്രത്യുത ബസ്വറ, കൂഫ, ഈജ്പ്ത് ശാം തുടങ്ങിയ ദേശങ്ങളിൽ നിന്നും നേരത്തെ പ്ലാൻ ചെയ്തത് പ്രകാരം ഹജ്ജ് വേളയിൽ മദീനയിലെത്തിയതായിരുന്നു ശത്രുക്കൾ. മദീനാ നിവാസികൾ പലരും ഹജ്ജിനായി മക്കയിലായിരുന്നു. ഉസ്മാന്റെ കാലത്ത് ഇസ്ലാമിക സാമ്രാജ്യം അങ്ങ് ചൈന മുതൽ ആഫ്രിക്ക വരെ വിസ്തൃതമായതിനാൽ പലരും അതിർത്തി കാവൽക്കാരായി വിദൂര ദിക്കുകളിലായിരുന്നു. ഈ തക്കം നോക്കിയാണ് ശത്രുക്കൾ മദീനയിൽ തമ്പടിച്ചതും ഖലീഫയെ ഉപരോധിച്ചതും. എന്നാൽ മദീനയിലുണ്ടായിരുന്ന സ്വഹാബികളും അവരുടെ മക്കളും ഖലീഫയെ സംരക്ഷിക്കുവാൻ രംഗത്ത് വന്നതാണ് ചരിത്രം. ഹസൻ, ഹുസൈൻ, അബൂഹുറൈറ, മുഗീറതുബ്നു ശുഅ്ബ, കഅ്ബ് ബ്നു മാലിക്, സൈദ്ബ്നു ഥാബിത്, സുബൈർ, പ്രവാചക പത്നി ഉമ്മു ഹബീബ തുടങ്ങിയവരെല്ലാം ഇക്കൂട്ടത്തിൽ പെടും. ഖലീഫയുടെ രാജിയും മർവാനെ തങ്ങൾക്ക് ഏൽപിച്ചുതരണമെന്നുമാണ് കലാപകാരികൾ ആവശ്യപ്പെട്ടിരുന്നത്. അതുകൊണ്ടുതന്നെ ഖലീഫയുടെ ഉപരോധം വധത്തിൽ കലാശിക്കുമെന്ന ധാരണ സ്വഹാബികൾക്കുണ്ടായിരുന്നില്ല. കലാപകാരികൾ രണ്ടായിരത്തിലധികം പേരുണ്ടായിരുന്നതും ഇതോട് ചേർത്ത്വായിക്കണം. എന്നാൽ ശത്രുക്കൾ തന്നെ വധിക്കുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. കാരണം പ്രവാകൻ അതേക്കുറിച്ച് അദ്ദേഹത്തിന് സൂചന നൽകിയിട്ടുണ്ടായിരുന്നു. തന്റെ പേരിൽ മദീനയിൽ രക്തം ചിന്തുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. സാത്വികനായ ഖലീഫ ദൈവഹിതത്തിനു കീഴടങ്ങാൻ മനസ്സാ തയ്യാറായിരുന്നു എന്നാണ് ചരിത്രഗ്രന്ഥങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. ഇതാണ് ഏറ്റുമുട്ടലിൽ നിന്ന് വിട്ടുനിൽക്കാൻ

തന്റെ അനുയായികളെ പ്രേരിപ്പിക്കാൻ കാരണം. ജുബൈർ ഇബ്നു മുത്ഇം, സുബൈർ ഇബ്നുൽ അവ്വാം, അലി, ഹക്കീം ഇബ്നു ഹസാം തുടങ്ങി ധാരാളം പ്രമുഖരായ സ്വഹാബികൾ ചേർന്നാണ് അദ്ദേഹത്തെ മറമാടിയത്. ഖവാരിജുകളെ ഭയന്ന് അലി(റ) ശരീരം കൂഫയുടെ പ്രാന്തപ്രദേശത്ത് രാത്രി മറമാടിയതും മറമാടിയ സ്ഥലം പിന്നീട് തിരിച്ചറിയാൻ സാധിക്കാതിരുന്നതും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്. പ്രവാചകനും രണ്ട് ഉത്തരാധികാരികളും ചേർന്ന് പടുത്തുയർത്തിയ ഒരു നീതിരാഷ്ട്രത്തെ അതിന്റെ സ്വച്ഛതയിൽ നിലനിർത്തുന്നതിൽ ഇസ്‌ലാമികരാഷ്ട്രത്തിന്റെ കേന്ദ്രഭരണത്തിന് സംഭവിച്ച വീഴ്ചയിൽ സങ്കടപ്പെടുന്ന ലേഖകന്റെ ഉള്ളിലിരിപ്പ് വരികൾക്കിടയിലൂടെ വായിച്ചാൽ ബോധ്യമാകും. സഊദി ഭരണാധികാരികളോടുള്ള വെറുപ്പ് കാരണം വിശുദ്ധ ഹജ്ജ് കർമം പോലും അനുഷ്ഠിക്കാതെ മരണപ്പെട്ട പരേതനായ ഒരു പണ്ഡിതന്റെ സ്റ്റഡി ക്ലാസിൽ നിന്നും രക്തത്തിൽ അലിഞ്ഞുചേർന്ന ഉമവികളോടുള്ള കുടിപ്പക അത്ര പെട്ടെന്ന് ഒഴിഞ്ഞുപോകുമെന്ന് തോന്നുന്നില്ല.

രാജ്യഭരണത്തിൽ അബൂബക്കറും ഉമറും ദീക്ഷിച്ച സൂക്ഷ്മത ലോലഹൃദയനായ ഉസ്മാന് പുലർത്താൻ പറ്റിയില്ലെന്ന ചരിത്രവായന ഉസ്മാൻ(റ)ന്റെ ഖിലാഫത്തിനെക്കുറിച്ചുള്ള പൂർണമായ അജ്ഞതയിൽ നിന്നുടലെടുത്തതോ ഉമവീ വംശീയ വിരോധമോ ആയിരിക്കണം. ലേഖകൻ ഖലീഫ ഉസ്മാനെതിരിൽ എയ്തുവിട്ട മുഴുവൻ ആരോപണങ്ങളും നേരത്തെ പരാമർശിച്ച ശീഈ നിവേദകന്മാർ ഉദ്ദരിച്ച വ്യാജകഥകളാണ്. ഹാരിസ് ഇബ്നുഹകമിന് പൊതുധനത്തിൽ നിന്ന് നൽകിയതും ഇതിനെ ചോദ്യം ചെയ്ത സൈദിനോട് ഖലീഫയുടെ പ്രതികരണവും വാഖിദിയും മസ്ഊദിയും ഉദ്ധരിച്ച കള്ളക്കഥകളാണ്.

പൊതുഭരണത്തിൽ സ്വന്തം ബന്ധുക്കൾ നേടിയ മുൻകൈകൾ എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറിയ ലേഖകൻ അതെന്താണെന്ന് വിശദീകരിക്കേണ്ടതുണ്ട്. ഇനി ഈ വിഷയത്തിന്റെ നിജസ്ഥിതിയെന്താണെന്ന് നോക്കാം. തന്റെ ഭരണകാലത്ത് പ്രധാന വകുപ്പുകളുടെ ചുമതലകൾ കൈകാര്യം ചെയ്തിരുന്നവരുടെ പേരുകൾ താഴെ:

1– സൈദ് ഇബ്നു സാബിഥ് (നീതിന്യായം)
2– ഉഖ്ബത് ഇബ്നു ആമിർ (ധനകാര്യ)
3– അബ്ദുല്ലാ ഇബ്നു ആമിർ (ഹജ്ജ്)
4– ജാബിർ അൽ മുസ്നി (നികുതി)
5– ഖഅ്ഖാഅ് ഇബ്നു അംറ് (യുദ്ധകാര്യം)
6– അബ്ദുല്ലാഹ് ഇബ്നു ഖുൻഫുദ് (പോലീസ്)

ഇതിൽ ഒരാളും തന്റെ ഗോത്രമായ ബനൂഉമയ്യയിൽ പെട്ടവരല്ല! ഇനി കലാപകാരികൾ മദീന ഉപരോധിച്ച ഘട്ടത്തിൽ പ്രവിശ്യാ ഗവർണർമാർ ആരൊക്കെയായിരുന്നുവെന്നു നോക്കാം.

1– യഅ്ലാ ഇബ്നു ഉമയ്യ (യമൻ)
2– അബ്ദുല്ല ഇബ്നു അംറ് അൽഹദ്റമി (മക്ക)
3– ജരീർ ഇബ്നു അബ്ദില്ല (ഹമദാൻ)

4– ഖാസിം ഇബ്നു റബീഅ (താഇഫ്)
5– അബൂമൂസ അൽ അശ്അരി (കൂഫ)
6– അബ്ദുല്ല ഇബ്നു ആമിർ (ബസറ)
7– അബ്ദുല്ല ഇബ്നു സഅദ് (ഈജിപ്ത്)
8– മുആവിയ ഇബ്നു അബീ സുഫ്യാൻ (ശാം)
9– അബ്ദുറഹ്മാൻ ഇബ്നു ഖാലിദ് (ഹിംസ്)
10– ഹബീബ് ഇബ്നു മസ്ലമ (ഖബ്റീൻ)
11– അബുൽ അഅ്വർ (ജോർദാൻ)
12– അൽഖമ ഇബ്നു ഹകം (ഫലസ്തീൻ)
13– അബ്ദുല്ല ഇബ്നു ഖൈസ് (മധ്യധരണ്യാഴി)
14– അശ്അസ് ഇബ്നു ഖൈസ് (അസർബൈജാൻ)
15– ഉതൈബ ഇബ്നു നഹാസ് (ഹൽവാൻ)
16– സാഇബ് ഇബ്നുൽ അഖ്റഅ് (ഇസ്ഫഹാൻ)

മേൽ പ്രസ്ഥാവിക്കപ്പെട്ടവരിൽ ഈജിപ്തിലെയും ശാമിലെയും ഗവർണർമാരായ രണ്ട് പേർ മാത്രമാണ് ഖലീഫയുടെ ഗോത്രത്തിൽ പെട്ടവർ. ഉസ്മാൻ(റ)നെതിരിൽ ഇല്ലാത്ത ആരോപണങ്ങൾ ഉന്നയിക്കുന്നവർ അലി(റ)ന്റെ കാലത്ത് തന്റെ സ്വന്തം ബന്ധുക്കളെ ഉന്നതപദവികളിൽ നിശ്ചയിച്ചതിനെക്കുറിച്ച് മൗനം പാലിക്കാറാണ് പതിവ്. തന്റെ പിതൃവ്യപുത്രന്മാരായ, അബ്ദുല്ല ഇബ്നു അബ്ബാസ്, ഖുസം ഇബ്നു അബ്ബാസ്, ഉബൈദുല്ല ഇബ്നു അബ്ബാസ്, സുമാമ ഇബ്നു അബ്ബാസ്, തന്റെ ഭാര്യയുടെ പുത്രനായ മുഹമ്മദ് ഇബ്നു അബീബക്കർ, മരുമകനായ ജഅ്ദ് ഇബ്നു ഹുബൈറ എന്നിവരെല്ലാം ഗവർണർമാരായിരുന്നു. കൂടാതെ സൈനിക മേധാവി മകൻ മുഹമ്മദും ഹജ്ജിന് നേതൃത്വം നൽകിയിരുന്നത് പിതൃവ്യപുത്രന്മാരുമായിരുന്നു. മുആവിയയെ ഗവർണറാക്കിയതിൽ അസ്വാഭാവികത ദർശിക്കുന്ന ലേഖകൻ ഉസ്മാന്റെ കൊലയാളികളിൽപെട്ട അശ്തറും ഹുസൈന്റെ വധത്തിൽ പങ്കാളിയായ സിയാദും അലിയുടെ ഗവർണർമാരായിരുന്നുവെന്നതിൽ യാതൊരു അനൗചിത്യവും കാണുന്നില്ല.

ഉസ്മാനെതിരിൽ ജൂതനായ ഇബ്നുസബഅ് നടത്തിയ കലാരപത്തിൽ ഇസ്ലാമിന്റെ ചൈതന്യം ദർശിച്ച സയ്യിദ് ഖുതുബിന്റെ ചിന്താധാര പിന്തുടരുന്ന ലേഖകനെപ്പോലുള്ളവർ ഉമവികളോടുള്ള കുടിപ്പക നിമിത്തം അവർ ഇസ്ലാമിന് ചെയ്ത മഹത്തായ സംഭാവനകളൊന്നും വിലമതിക്കാനാവില്ലല്ലോ? മസ്ഊദിയുടെയും വാഖിദിയുടയും ചരിത്രസ്രോതസ്സുകൾ അവലംബിച്ച് സഹാബികളെ വിലയിരുത്തിയാൽ ഇതിലും വലിയ അബദ്ധങ്ങൾ പുലമ്പേണ്ടിവരും.

മഹാനായ ഖലീഫ സ്വന്തം ബന്ധുക്കൾക്ക് വാരിക്കോരി നല്കിയെന്ന ആരോപണം ഉന്നയിച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്ന ലേഖകനോടൊരു ചോദ്യം. പൊതുമുതലിൽ നിന്ന് ഉസ്മാൻ ഭൂമി പതിച്ചു നല്കിയ അമ്മാർ ഇബ്നു യാസിർ, അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്, അബ്ബാസ്, സുബൈർ ഇബ്നുൽ അവ്വാം, ഹദിയ്യ് ഇബ്നു ഹാതിം, ഉസാമ ഇബ്നു സൈദ്, ജരീർ ഇബ്നു അബ്ദില്ല, ത്വൽഹ തുടങ്ങിയവരിൽ ആരെങ്കിലും അദ്ദേഹത്തിന്റെ ഗോത്രക്കാരായിരുന്നോ? ത്വൽഹ

എനിക്ക് നൽകാനുണ്ടായിരുന്ന അമ്പതിനായിരം ദിർഹം ഒഴിവാക്കിക്കൊടുത്തതും ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ആഫ്രിക്കയുടെ വിമോചകൻ ഇബ്നു അബീ സർഇന് യുദ്ധമുതലിന്റെ അഞ്ചിലൊന്നിന്റെ അഞ്ചിലൊന്ന് നൽകിയതിനെ ചിലർ എതിർത്തപ്പോൾ അത് തിരിച്ചുപിടിച്ച അദ്ദേഹമെങ്ങിനെയാണ് മർവാന് അതിൽ നിന്ന് പത്തുലക്ഷം ദീനാർ നൽകുക? ഈ കഥ തലക്കുവെളിവുള്ളവർ വിശ്വസിക്കുമോ? തന്റെ കുടുംബമായ അബ്ദുശംസ് ഏറ്റവും വലിയ ഗോത്രമായിരുന്നതിനാൽ സ്വാഭാവികമായും അബൂബക്കറും ഉമറും തന്റെ ബന്ധുക്കൾക്ക് നല്കിയതിലും കൂടുതലായി ഉസ്മാൻ തന്റെ ബന്ധുക്കൾക്ക് നൽകിയിട്ടുണ്ടാവും. എന്നാൽ എതിരാളികൾ പറയുന്നതുപോലെ ഭീമമായ തുകയൊന്നും അദ്ദേഹം നൽകിയതിന് തെളിവില്ല. മാത്രമല്ല തന്റെ ബന്ധുക്കൾക്ക് താൻ നൽകുന്നത് തന്റെ ധനത്തിൽ നിന്നാണെന്നും നബിമാരുടെയും ഖലീഫമാരുടെയും കാലത്ത് പണത്തോട് താൽപര്യമുണ്ടായിരുന്ന കാലത്ത് നന്നായി ദാനം ചെയ്ത താൻ ജീവിതത്തിന്റെ സായം സന്ധ്യയിൽ പിശുക്ക് കാണിക്കുമോ എന്നദ്ദേഹം എതിരാളികളുടെ ആക്ഷേപത്തിന് മറുപടി പറയുന്നത് കാണാം. (അൽ ഇസാബ 5/356)

പ്രവാചകൻ മദീനയിൽ നിന്ന പുറത്താക്കിയ ഹകമിന് ഉസ്മാൻ അഭയം നൽകിയെന്നാണ് ലേഖകന്റെ മറ്റൊരാരോപണം. മക്കാവിജയവേളയിൽ ഇസ്ലാം സ്വീകരിച്ച രണ്ടായിരം വരുന്ന മക്കാവാസികളിൽ ഒരാളാണ് ഹക്കം. അന്ന് വളരെ ചെറിയ ബാലനായിരുന്നു മർവാൻ. അദ്ദേഹത്തെ പ്രവാചകൻ നാടുകടത്തിയിട്ടുണ്ടെങ്കിൽ അത് മക്കയിൽ നിന്നാവണം. എന്നാൽ ഈ കഥ പല പ്രമുഖ പണ്ഡിതന്മാരും തള്ളിക്കളഞ്ഞിട്ടുണ്ട്. ആധികാരിക ഹദീസ് ഗ്രന്ഥങ്ങളൊന്നും ഈ സംഭവം ഉദ്ധരിച്ചിട്ടുമില്ല. അങ്ങനെ സംഭവിച്ചിട്ടുണ്ടെങ്കിൽ തന്നെ ജീവിതകാലം മുഴുവൻ അദ്ദേഹം പ്രവാസജീവിതം നയിക്കണമെന്നുമില്ല. അദ്ദേഹത്തെ തിരിച്ചുകൊണ്ടുവരാനുള്ള തന്റെ അഭ്യർത്ഥന പ്രവാചകൻ സ്വീകരിച്ചതിന്റെ വെളിച്ചത്തിലാണ് തന്റെ ഭരണകാലത്ത് അദ്ദേഹത്തെ തിരിച്ചുവരാൻ സമ്മതിച്ചത്. സ്വഹാബികളും താബിഉകളും ആദരിച്ചിരുന്ന മഹാനായിരുന്നു മർവാൻ. സഹൽബിൻ അദിയ്യ് എന്ന് സ്വഹാബി അദ്ദേഹത്തിൽ നിന്നും ഹദീസ് നിവേദനം ചെയ്തിട്ടുണ്ട്. താബിഉകളും ഇമാമുകളും അദ്ദേഹത്തെ ആദരിക്കുകയും തന്റെ ഖിലാഫത്തിനെ പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. ഹുസൈൻ(റ)ന്റെ മകൻ സൈനുൽ ആബിദീൻ ഉൾപ്പെടെ പല പ്രമുഖരും അദ്ദേഹത്തിൽ നിന്നും ഹദീസ് നിവേദനം ചെയ്തിട്ടുണ്ട്. (അൽ ഇസാബ 3/455)

ശിയാക്കൾ ഉസ്മാനെതിരിൽ ഉന്നയിച്ച മുഴുവൻ ആരോപണങ്ങളും ലേഖനത്തിൽ ഉന്നയിക്കാത്തതുകൊണ്ട് അതിന് ഇവിടെ മറുപടി പറയേണ്ടതില്ല. “അധികാരത്തിൽ തനിക്ക് നഷ്ടപ്പെട്ടത് തന്റെ മകൻ തിരിച്ചുപിടിക്കണമെന്ന്” അബൂസ്ഫ്യാൻ പറഞ്ഞതായി ഉദ്ധരിക്കുന്ന ലേഖകൻ എവിടെ ആരോട് പറഞ്ഞുവെന്നോ ആരാണ് അതുദ്ധരിച്ചതെന്നോ പറയുന്നില്ല. അവസാനം ഇസ്ലാമിനു വേണ്ടി പോരാടി സായൂജ്യം കണ്ടെത്തിയ പ്രവാചകന്റെ ഭാര്യപിതാവും മഹാനുമായ ഒരു സ്വഹാബിയോട് ഇത്ര വിരോധം പുലർത്തേണ്ട ആവ

ശ്യമുണ്ടോ? ഉസ്മാൻ നാണം കുണുങ്ങിയും ലോല മനസ്കനമാണെന്ന് പറഞ്ഞ് അദ്ദേഹത്തിന്റെ മഹാസംഭാവനകൾ മറച്ചുവെക്കാനും തമസ്കരിക്കാനുമാണ് ലേഖകൻ ഉദ്യമിക്കുന്നത്. ഹദീസുകളെ ചരിത്രസ്രോതസ്സുകളായി പരിഗണിച്ച് ഇസ്ലാമിക ചരിത്രത്തെ ശരിയായ രീതിയിൽ സമീപിക്കാനും അല്ലാഹുവും പ്രവാചകനും തൃപ്തിപ്പെട്ടവരോടുള്ള കുടിപ്പക ഒഴിവാക്കി മുൻഗാമികളുടെ സേവനങ്ങൾ അംഗീകരിക്കുവാനും നാം തയ്യാറായില്ലെങ്കിൽ അത് നമ്മോടു തന്നെ ചെയ്യുന്ന മഹാ പാതകമായിരിക്കും. പ്രബോധനം പത്രാധിപരും ഐ. പി.എച്ച് എഡിറ്ററുമായ ഒരു ജമാഅത്ത് പണ്ഡിതൻ സഊദിക്കെതിരിൽ എഴു തിയ 'പിന്നാമ്പുറക്കഥ'കളുടെ പരസ്യം കൊടുക്കാൻ പ്രബോധനം കൂട്ടാക്കാ ത്തതും അവ വില്പനക്ക് വെക്കാൻ അനുവദിക്കാതിരുന്നതുമാകാം ജമാഅ ത്തുകാരനായ ലേഖകനെ ഐ.പി.എച്ച് പുറത്തിറക്കിയ പുസ്തകത്തിനോടുള്ള വിയോജിപ്പ് പ്രകടിപ്പിക്കാൻ തേജസ് ദ്വൈവാരിക തിരഞ്ഞെടുക്കാൻ കാരണ മെന്ന് തോന്നുന്നു. "ഈ സമുദായത്തിന്റെ പിൻമുറക്കാർ ആരംഭകാലത്തു ള്ളവരെ ശപിക്കാൻ തുടങ്ങുമ്പോൾ അറിവുള്ളവർ പ്രതികരിക്കേണ്ടതാണ്. അന്ന് അറിവുള്ളവർ ബാധ്യത വിർവ്വഹിക്കാതെ മൗനം പാലിക്കുകയാണെങ്കിൽ അല്ലാഹു തന്റെ ദൂതന് അവതരിപ്പിച്ച ദിവ്യബോധനത്തെ മറച്ചുവെക്കുന്നതിന് തുല്യമാണത്" എന്ന് ജാബിർ ഇബ്നു അബ്ദില്ല എന്ന സ്വഹാബി പ്രമുഖന്റെ വാക്കുകൾക്ക് ഏറെ പ്രസക്തിയുള്ള ഒരു കാലത്താണ് നാം ജീവിക്കുന്നത് എന്നാണ് ഇത്തരം സംഭവങ്ങൾ ബോധ്യപ്പെടുത്തുന്നത്.